## പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 4067 — 16.03.2017-ൽ മറുപടിയ്ക്ക്

## ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാർലമെന്ററി അഫയേഴ്സിന്റെ വിവിധ സംരംഭങ്ങൾ

**ചോദ്യം**

**ശ്രീ.മഞ്ഞളാംകുഴി അലി**

(എ) ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാർലമെന്ററി അഫയേഴ്സ് വിവിധ സ്കൂളുകളിൽ സെമിനാർ , യൂത്ത് പാർലമെന്റ് മത്സരം, ഹ്യൂമൻ റൈറ്റ്സ് എഡ്യൂക്കേഷൻ ക്ലബ് രൂപീകരണം എന്നിവ സംഘടിപ്പിക്കുന്നതിന് ഓരോ നിയോജകമണ്ഡലത്തിലും സ്കൂളുകളെ തെരഞ്ഞെടുത്തിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിന്റെ നടപടിക്രമങ്ങൾ ഏത് ഘട്ടത്തിലാണ്;

(ബി) ഈ സംരംഭങ്ങൾ ഏതൊക്കെ തീയതികളിൽ സംഘടിപ്പിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്;

**ഉത്തരം**

**ശ്രീ. എ.കെ. ബാലൻ**

പട്ടികജാതി-പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും, നിയമവും സാംസ്കാരികവും, പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി

(എ) യും (ബി) യും കേരളത്തിലെ 140 നിയോജക മണ്ഡലങ്ങളിൽ നിന്നും ഓരോ സ്കൂളുകൾ തെരഞ്ഞെടുത്ത് അവിടെ 'പാർലമെന്ററി ജനാധിപത്യം' എന്ന വിഷയത്തെ ആസ്പദമാക്കി സെമിനാറുകൾ നടത്തുന്നതിന് സ്കൂളുകൾക്ക് നിർദ്ദേശം നല്കിയിരുന്നു. 36 സ്കൂളുകൾ ടി സെമിനാർ നടത്തി ഇൻസ്റ്റിറ്റ്യൂട്ടിന് റിപ്പോർട്ട് നല്കിയിട്ടുണ്ട്. കൂടാതെ യൂത്ത് പാർലമെന്റ് മത്സരം, പാർലമെന്ററി ലിറ്ററസി ക്ലബ്ബ്, ഹ്യൂമൻ റൈറ്റ്സ് എഡ്യൂക്കേഷൻ ക്ലബ്ബ് എന്നിവ സംഘടിപ്പിക്കുന്നതിനും തീരുമാനിച്ചിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ യൂത്ത് പാർലമെന്റ് മത്സരം 62 സ്കൂളുകളിലും പാർലമെന്ററി ലിറ്ററസി ക്ലബ്ബ് 25 സ്കൂളുകളിലും ഹ്യൂമൻ റൈറ്റ്സ് എഡ്യൂക്കേഷൻ ക്ലബ്ബ് 13 സ്കൂളുകളിലും സംഘടിപ്പിച്ചിട്ടുള്ളതാണ്.

| | |
|---|---|
| (സി) ഈ അദ്ധ്യയനവർഷം തന്നെ ഇത് സംഘടിപ്പിക്കുവാൻ കഴിയുമെന്ന് കരുതുന്നുണ്ടോ; ഇല്ലെങ്കിൽ ഇതിനുള്ള നടപടികൾ ത്വരിതപ്പെടുത്തുന്നതിനും ഈ അദ്ധ്യയന വർഷം തന്നെ ഇവ സംഘടിപ്പിക്കുന്നതിനും നടപടി സ്വീകരിക്കുമോ? | (സി) മാർച്ച് മാസം ഈ അദ്ധ്യയന വർഷം അവസാനിക്കുന്നതിനാൽ ഇതുവരെയും സംഘടിപ്പിച്ചിട്ടില്ലാത്ത സ്കൂളുകളിൽ ഈ വർഷത്തിൽ നടത്തുവാൻ സാധിക്കുകയില്ല. |

സെക്ഷൻ ഓഫീസർ